...ിൽ വീണു

...ലി പഞ്ചായത്തു മേഖല ഉൾപ്പെടുന്ന വഴിയിൽ അമിതഭാരവുമായി ടോറസ് നിയന്ത്രണമില്ലാതെ ഗതാഗതം നടത്തുന്നതു സംബന്ധിച്ച് പ്രദേശവാസികൾക്കു നിരന്തര പരാതിയുമുണ്ട്.

മുവാറ്റുപുഴ നിർമല ഹയർ സെക്കൻഡറി സ്കൂൾ കാതിക മേള ഡിവൈഎസ്പി കെ. അനിൽ കുമാർ ഉദ്ഘാടനം ചെയ്യുന്നു.

വാഴക്കുളം വിശ്വജ്യോതി കോളജ് ഓഫ് എൻജിനീയറിംഗ് ആൻഡ് ടെക്നോളജിയിലെ എംബിഎ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന കീ ടു കോർപറേറ്റ് -2019 റിട്ട. ഐഎഎസ് ഉദ്യോഗസ്ഥൻ എം.പി.ജോസഫ് ഉദ്ഘാടനം ചെയ്യുന്നു.

...ിദിന ...ടത്തി

...ത്താടെ നടന്ന ...ുപ്പ് ഡയറക്ടർ

...കഴിവുള്ള സ ...ം വൈവിധ്യ ...ാഷ്ട്രത്തിന്റെ ...ഴിവുനേടുന്ന ...ഹരിച്ച പണം ...ട രാജ്യത്തി ...ല്ലാം കടപ്പെ ...ി ഗ്രാമീണ ...ശേഷി വിഭ ...ം കൂട്ടിച്ചേർ ...ാമ്പിൽ അ ...ാവേന്ദർ കാ ...ന്നത വിദ്യ ...കോളജ് പ്രി ...ു. ഐക്യു ...വൈസ് പ്രി ...ജി ജോസ

കന്നി 20 പെരുന്നാൾ: കാൽനട തീർഥയാത്ര ആരംഭിച്ചു

കോതമംഗലം: മാർത്തോമ ചെറിയ പള്ളിയിൽ പരിശുദ്ധ എൽദോ മാർ ബസേലിയോസ്ബാവായുടെ ഓർമ പെരുന്നാളിനോടനുബന്ധിച്ച് (കന്നി 20 പെരുന്നാൾ) പരിശുദ്ധ ബാവയുടെ കബറിങ്കലേക്കുള്ള ഹൈറേഞ്ച് മേഖലാ കാൽനട തീർഥയാത്ര ആരംഭിച്ചു.

ഇന്നലെ രാവിലെ കോവിൽക്കടവ് സെന്റ് ജോർജ് പള്ളിയിൽ നിന്നാരംഭിച്ച തീർഥയാത്രയും നെടുങ്കണ്ടം സെന്റ് മേരീസ് പള്ളിയിൽ നിന്നാരംഭിക്കുന്ന തീർഥാടകരും ഒത്തുചേർന്ന് ഇന്നു വൈകുന്നേരം അടിമാലി യാക്കോബായ പള്ളിയിൽ എത്തിച്ചേരും. ഹൈറേഞ്ചിന്റെ മറ്റു മേഖലകളിൽനിന്നുള്ള തീർഥാടകരോടൊപ്പം നാളെ പുലർച്ചെ യാത്ര തുടരുന്ന തീർഥാടകർ തലക്കോട് സെന്റ് മേരീസ് പള്ളിയിലെത്തി ഇടുക്കി മേഖലയിലെ തീർഥാടകരോടൊപ്പം ചേരുന്ന കാൽനട തീർഥാടക സംഘം ഉച്ചകഴിഞ്ഞ് 2.30നു കോതമംഗലം മാർത്തോമ ചെറിയ പിള്ളിയിൽ പരിശുദ്ധ എൽദോ മാർ ബസേലിയോസ് ബാവായുടെ കബറിങ്കൽ എത്തിച്ചേരും.

തീർഥാടക സംഘത്തിനു കോഴിപ്പിള്ളി കവലയിൽ വരവേൽപു നൽകും. മറ്റു മേഖലയിൽ നിന്നുള്ള തീർഥാടകരും നാളെ വൈകുന്നേരം പള്ളിയിൽ എത്തിച്ചേരും. പടിഞ്ഞാറൻ മേഖലയിൽ നിന്നുള്ള തീർഥാടകർക്കു മുവാറ്റുപുഴ കവലയിലും വടക്കൻ മേഖലയിൽ നിന്നുള്ളവർക്കു ഹൈറേഞ്ച് കവലയിലും പോത്താനിക്കാട് മേഖലാ തീർഥാടക സംഘത്തിനു കോഴിപ്പിള്ളി ചക്കാലക്കുടി ചാപ്പലിലും കോതമംഗലത്തെ ജനപ്രതിനിധികളും നാനാജാതി വിശ്വാസികളും ചേർന്നു വരവേൽപു നൽകും.

വാഴക്കുളം വിശ്വജ്യോതി കോളജിൽ കീ ടു കോർപറേറ്റ്-2019 സമാപിച്ചു

വാഴക്കുളം: വിശ്വജ്യോതി കോളജ് ഓഫ് എൻജിനീയറിംഗ് ആൻഡ് ടെക്നോളജിയിലെ എംബിഎ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന കീ ടു കോർപറേറ്റ് -2019 സമാപിച്ചു. റിട്ട. ഐഎഎസ് ഉദ്യോഗസ്ഥനായ എം.പി. ജോസഫ് ഉദ്ഘാടനം ചെയ്തു.

കോളജ് മാനേജർ മോൺ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ, കോളജ് ഡയറക്ടർ റവ. ഡോ. ജോർജ് താനത്തുപറമ്പിൽ, കോളജ് പ്രിൻസിപ്പൽ ഡോ. സി. ജോസഫ്കുഞ്ഞ് പോൾ, എഡ്യൂക്കേഷണൽ അഡ്വൈസർ ആശാ ഫെന്ന്, എംബിഎ വകുപ്പ് മേധാവി ഡോ. സിറിയക് ജോസഫ്, രാഹുൽ, ഗ്രേ ക്യാപ്സ് സിഇഒ ഗിരി ബാലസുബ്രഹ്മണ്യം,റിലയൻസ് റീട്ടെയ്ൽ എവിപി റിജു ആന്റണി, മോട്ടിവേഷണൽ സ്പീക്കർ ശ്രാവൺ ഷെട്ടി, കോശി ദാനിയേൽ, ടോണി ജോസഫ്, ഷെഫ് രാമു ബട്ലർ, ബിനു ജോസ്, ശ്രീവികാസ് ഉണ്ണികൃഷ്ണൻ, ശിവപ്രിയ, നോബിൾ എം.ജേക്കബ്, നവാസ് മീരാൻ എന്നിവർ പ്രസംഗിച്ചു. കോർപറേറ്റ് മേഖലയുടെ പ്രഫഷണൽ വശങ്ങൾ മനസിലാക്കുന്നതിനും പഠിക്കുന്നതിനും റിലീസ് ചെയ്യുന്നതിനും മേഖലകളിൽ നിന്നുള്ള മികച്ച കോർപറേറ്റുകളെ കണ്ടെത്തുന്നതിനും സംവാദിക്കാനും ഭാവി മാനേജർമാർക്ക് പരിപാടി അവസരം നൽകി. കേരളത്തിലെ തെരഞ്ഞെടുത്ത കോളജുകളിൽനിന്നു 400ഓളം വിദ്യാർഥികളും പ്രഫഷണലുകളും പരിപാടിയിൽ പങ്കെടുത്തു.

...ിയ സെമിനാർ കേന്ദ്ര ഭാതവശേഷി ഡയറക്ടർ ...ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ, സെക്രട്ടറി റവ. ...ു. ഡോ. നോബി കുമ്പാക്കോസ് എന്നിവർ സമീ

ഇലഞ്ഞി സെന്റ് പീറ്റേഴ്സ് ഹയർ സെക്കൻഡറി സ്കൂളിൽ ഐടി വിദ്യാർഥികളുടെ കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ രക്ഷിതാക്കൾക്കായി കംപ്യൂട്ടർ പരിശീലന ക്ലാസ് ആരംഭിച്ചമോൾ.

ഇലഞ്ഞി സെന്റ് പീറ്റേഴ്സ് എച്ച്എസിൽ രക്ഷിതാക്കൾക്കായി കംപ്യൂട്ടർ പരിശീലനം

ഇലഞ്ഞി: സെന്റ് പീറ്റേഴ്സ് ഹയർ സെക്കൻഡറി സ്കൂളിൽ ഐടി വിദ്യാർഥികളുടെ കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ രക്ഷിതാക്കൾക്കായി കംപ്യൂട്ടർ പരിശീലന ക്ലാസ് ആരംഭിച്ചു.സ്കൂൾ ഐടി ലാബിൽ ആരംഭിച്ച ക്ലാസ് സ്കൂൾ അസിസ്റ്റന്റ് മാനേജർ ഫാ. സെബാസ്റ്റ്യൻ ചാമക്കാലാ ഉദ്ഘാടനം ചെയ്തു.

പ്രധാനാധ്യാപകൻ കെ.വിൽസൺ ജോസ് അധ്യക്ഷത വഹിച്ചു. ഒരുമാസം ദൈർഘ്യമുള്ള ക്ലാസിൽ 25ഓളം പേരാണ് പങ്കെടുക്കുന്നത്.

Deepika
01st October 2019, Tuesday



കനത്തമഴയിൽ ഊഞ്ഞാപ്പാറ ഓണംതുരുത്തിയിൽ ഏലിയാസിന്റെ വീടിന്റെ മതിൽ തകർന്ന നിലയിൽ

കോതമംഗലം ▸ കനത്തമഴയിൽ കിഴംപാറയിൽ വീടിന്റെ മതിൽ നിലംപതിച്ചു.

ഊഞ്ഞാപ്പാറ ഓണംതുരുത്തിയിൽ ഒ.പി. ഏലിയാസിന്റെ വീടിനോട് ചേർന്ന പത്തടി ഉയരമുള്ള മതിൽ 50 അടി നീളത്തിലാണ് തകർന്നത്. കരിങ്കല്ലും ഹോളോബ്രിക്കും കൊണ്ട് നിർമിച്ച മതിൽ തിങ്കളാഴ്ച വൈകീട്ട് അഞ്ചരയോടെയാണ് നിലംപതിച്ചത്.

പത്തടി താഴ്ചയിൽ സമീപത്തെ പുരയിടത്തിലേക്കാണ് മതിൽ നിലംപൊത്തിയതെന്ന് എക്സ് മിലിട്ടറി ഉദ്യോഗസ്ഥനായ ഏലിയാസ് പറഞ്ഞു. മതിൽ തകർന്നതോടെ വീട് അപകടഭീഷണിയിലാണ്.

മതിൽ തകർന്ന ഭാഗത്തെ മണ്ണിളകിയാൽ വീടും ഇടിഞ്ഞു താഴാൻ സാധ്യതയുണ്ടെന്ന് വീട്ടുകാർ പറഞ്ഞു.

ആധാരം എഴുത്ത് അസോ. പൊതുയോഗം

കോതമംഗലത്ത് ആധാരം എഴുത്ത് അസോസിയേഷൻ യൂണിറ്റ് പൊതുയോഗം സംസ്ഥാന കമ്മിറ്റി അംഗം കെ.എസ്. നാരായണൻ നായർ ഉദ്ഘാടനം ചെയ്യുന്നു

കോതമംഗലം ▸ ആധാരം എഴുത്ത് അസോസിയേഷൻ യൂണിറ്റ് പൊതുയോഗവും തിരഞ്ഞെടുപ്പും നടത്തി.

കോതമംഗലം ഗുരുവരം ഓഡിറ്റോറിയത്തിൽ നടന്ന യോഗം സംസ്ഥാന കമ്മിറ്റി അംഗം കെ.എസ്. നാരായണൻ നായർ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് പി.പി. ഏലിയാസ് അധ്യക്ഷനായി.

സംസ്ഥാന സെക്രട്ടറി എസ്. ബി. സതീശൻ, ജില്ലാ സെക്രട്ടറി എസ്. സുരേഷ്കുമാർ, വി.എൻ. ഗോപാലകൃഷ്ണൻ നായർ എന്നിവർ സംസാരിച്ചു.

ഭാരവാഹികൾ: പി.പി. ഏലിയാസ് (പ്രസി.), കെ.ജി. ഭൂതിഭൂഷൻ നായർ (സെക്ര.), ടി.എം. സുശീല (വൈസ് പ്രസി.), ശശിധരൻ കർത്ത (ജോ. സെക്ര.), എ.എ. ശശി (ട്രഷ.).

വിശ്വജ്യോതിയിൽ സ്റ്റുഡന്റ്സ് കൗൺസിൽ ഉദ്ഘാടനം

വാഴക്കുളം വിശ്വജ്യോതി എൻജിനീയറിങ് കോളേജിൽ സ്റ്റുഡന്റ്സ് കൗൺസിൽ ഉദ്ഘാടനം മുൻ ഡി.ജി.പി. അലക്സാണ്ടർ ജേക്കബ് നിർവഹിക്കുന്നു

വാഴക്കുളം ▸ ചരിത്രത്തിൽ നിന്ന് പാഠമുൾക്കൊണ്ട് യുവാക്കൾ മുന്നോട്ടു പോകണമെന്ന് മുൻ ഡി.ജി.പി. അലക്സാണ്ടർ ജേക്കബ്.

വാഴക്കുളം വിശ്വജ്യോതി എൻജിനീയറിങ് കോളേജിലെ സ്റ്റുഡന്റ്സ് കൗൺസിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. യോഗത്തിൽ കോളേജ് മാനേജർ ഡോ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ഡോ. ജോസഫ് കുഞ്ഞുപോൾ, വൈസ് പ്രിൻസിപ്പൽ സോമി പി. മാത്യു, സ്റ്റുഡന്റ്സ് കൗൺസിൽ അംഗങ്ങളായ സീൻ സന്തോഷ് ജോസഫ്, മരിയ ജോർജ്, എച്ച്. ആനന്ദ് എന്നിവർ പ്രസംഗിച്ചു.

വും കിട്ടുന്നില്ല

കോതമംഗലം ▸ കന്നുകാലി വളർത്തലിനും മൃഗപരിപാലനത്തിനും എല്ലാം പദ്ധതിയും പ്രഖ്യാപനവും കൊട്ടിഘോഷിക്കുമ്പോഴും പല മൃഗാശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന പരാതിയും പ്രതിഷേധവും ശക്തം.

കോതമംഗലം സർക്കാർ മൃഗാശുപത്രിയിൽ ഡോക്ടറുടെ തസ്തിക മാസങ്ങളായി ഒഴിഞ്ഞു കിടക്കുകയാണ്. കോട്ടപ്പടിയിലെ ഡോക്ടർക്കാണ് താത്കാലിക ചുമതല.

പിണ്ടിമന മൃഗാശുപത്രിയിൽ ഡോക്ടറുണ്ടായിട്ടും പ്രയോജനമില്ലാത്ത അവസ്ഥയും. അവശ്യം

ത്സ്ഥായി മൃഗങ്ങളുമായി എത്തുമ്പോൾ ഡോക്ടറും ജീവനക്കാരും ഉണ്ടാകില്ല.

കോതമംഗലത്തെ പ്രധാന മൃഗാശുപത്രിയാണ് മലയിൻകീഴ് ബ്ലോക്ക് ഓഫീസിന് സമീപത്തുള്ളത്.

ഇവിടെ ഡോക്ടറുടെ അഭാവത്തിൽ കന്നുകാലികൾക്കും മറ്റ് വളർത്തുമൃഗങ്ങൾക്കും കൃത്യമായി ചികിത്സ ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യമാണ് മുനിസിപ്പാലിറ്റിയിലേയും പരിസരത്തേയും നിവാസികളും ക്ഷീരകർഷകരും നേരിടുന്നത്.

ചികിത്സ നൽകാനാകാത്തതുമൂലം പുന്നയ്ക്കൽ ജോയിയുടെ ഒരു കിടാവ് ചത്തുവീണതാണ് ഒടുവിലുണ്ടായ സംഭവം. കിടാവി

കൂത്താട്ടുകുളം ഉപജി ശാസ്ത്രമേള തുടങ്ങി

കൂത്താട്ടുകുളം ▸ ഉപജില്ലാ ശാസ്ത്രമേള പാലക്കുഴ പഞ്ചായത്ത് പ്രസിഡന്റ് ജോഷി സ്കറിയ ഉദ്ഘാടനം ചെയ്തു. ജിബി സാബു അധ്യക്ഷയായി.

ജോർജ് തോമസ്, എ.വി. മനോജ്, സി. റോസ് ലിൻ നെടുമറ്റത്തിൽ എന്നിവർ പ്രസംഗിച്ചു.

എൽ.പി. വിഭാഗത്തിൽ കൂത്താട്ടുകുളം ഗവ.യു.പി. സ്കൂളും, ഇലഞ്ഞി സെയ്ന്റ് പീറ്റേഴ്സ് സ്കൂളും ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കി.

യു.പി. വിഭാഗത്തിൽ കൂത്താട്ടുകുളം ഗവ.യു.പി. സ്കൂളും കൂത്താട്ടുകുളം ഇൻഫന്റ് ജീസസ് സ്കൂളും ഒന്നും രണ്ടും സ്ഥാനങ്ങൾ നേടി.

ഹൈസ്കൂൾ വിഭാഗത്തിൽ കൂത്താട്ടുകുളം ഇൻഫന്റ് ജീസസ് സ്കൂൾ ഒന്നാം സ്ഥാനവും ഇലഞ്ഞി സെയ്ന്റ് പീറ്റേഴ്സ്, കൂത്താട്ടുകുളം ഹൈസ്കൂൾ എന്നിവർ രണ്ടാം സ്ഥാനവും നേടി.

കൂത്താട്ടുകുളം ഇൻഫന്റ് ജീസസ് ശാസ്ത്രമേള പാലക്കുഴ പഞ്ചായത്ത് പ്ര ഉദ്ഘാടനം ചെയ്യുന്നു

ഹയർ സെക്കൻഡറി വിഭാഗത്തിൽ തിരുമാറാടി വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, ഇലഞ്ഞി സെയ്ന്റ്

വാഴക്കുളം സഹകരണ പ്രസിഡന്റ് രാജിവെച്ച

വാഴക്കുളം ▸ വാഴക്കുളം നമ്പർ: 2824 സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് രാജിവച്ചു. കെ.എം. മാത്യു ഗ്രീൻവില്ലയാണ് രാജിവെച്ചത്.

ബാങ്കിൽ ഒഴിവുള്ള തസ്തികകളിലെ നിയമനവുമായി ബന്ധപ്പെട്ട് ഭരണസമിതിയുമായി ഉണ്ടായ അഭിപ്രായവ്യത്യാസമാണ് രാജിക്ക് കാരണമെന്ന് പ്രസിഡന്റ് അറിയിച്ചു.

അറ്റൻഡർ, പ്യൂൺ, ഡിപ്പോ മാനേജർ തസ്തികകളിലായി നാല് ഒഴിവുകളുണ്ടായിരുന്നത് നികത്താൻ എഴുത്തുപരീക്ഷ നടത്തി, റാങ്ക്‌ലിസ്റ്റ് തയാറാക്കിയിരുന്നതായി പ്രസിഡന്റ് പറഞ്ഞു.

എന്നാൽ, ഭരണസമിതിയിലെ ഇടതുപക്ഷാംഗങ്ങൾ മറ്റ് പഞ്ചായത്തിലെ നേതാക്കളുടെ ബന്ധുക്കൾക്ക് റാങ്ക്‌ലിസ്റ്റ് തിരുത്തി നിയമനം നൽകണമെന്ന് ആവശ്യപ്പെടുകയായിരുന്നുവെന്ന് മാത്യു ഗ്രീൻവില്ല ആരോപിച്ചു. ഇതിൽ പ്രതിഷേധിച്ചാണ് പ്രസിഡന്റ് സ്ഥാനം രാജിവയ്ക്കുന്നതെന്നും അദ്ദേഹം അറിയിച്ചു.

നിയമനം നടത്തുന്നതിൽ കാലവിളംബം വരുത്തിയ ഭരണസമിതിയിൽ, പൊതുയോഗം ഐകകണ്ഠ്യേന അവിശ്വാസം അറിയിച്ചിരുന്നതായും അദ്ദേഹം പറഞ്ഞു.

ഭരണസമിതി പിരിച്ചുവിടാൻ പൊതുയോഗം ശുപാർശ ചെയ്തതനുസരിച്ചുള്ള നടപടി

Wednesday
Mathrubhoomi dated 16th October 2019.